# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 94

20.03.2012 -ൽ
മറുപടിക്ക്

## വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ.ഇ.പി. ജയരാജൻ
ശ്രീ. എം.ഹംസ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**മറുപടി**

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(എ) ഉണ്ട്. ആഗോളതലത്തിൽ അനുഭവ പ്പെടുന്ന സാമ്പത്തിക മാന്ദ്യം അയൽ സംസ്ഥാനങ്ങളിൽ നിന്നും അയൽ രാജ്യങ്ങളിൽ നിന്നും നേരിടുന്ന മത്സരം, ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തത, ഉയർന്ന നിലവാരമുള്ള മാനവ വിഭവശേഷി യുടെ അപര്യാപത്ത തുടങ്ങിയ വയാണ് ഇന്ന് വിനോദ സഞ്ചാരമേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ.

(ബി) ഇവയ്ക്ക് പരിഹാരം കണ്ടെത്തു ന്നതിന് മുൻ സർക്കാർ തുടർന്നു വന്ന പദ്ധതികളും പരിപാടികളും മുന്നോട്ടു കൊണ്ടു പോകുന്നുണ്ടോ ;

(ബി) ഉണ്ട്, മുൻ സർക്കാർ തുടർന്നു വന്ന പദ്ധതികളും, പരിപാടികളും തുടരുന്നതോടൊപ്പം ഒട്ടനവധി നൂതന പദ്ധതികളും പരിപാടികളും ഈ സർക്കാർ നടപ്പിലാക്കി വരുന്നു.

(സി) ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ കാര്യക്ഷമമല്ലാതായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ ?

(സി) ടൂറിസം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു. ടൂറിസ്റ്റുകളുടെ വരവിൽ ഉണ്ടായ വർദ്ധനവും ടൂറിസം മേഖലയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിലെ വർദ്ധനവും മികവാർന്ന പ്രകടനത്തിന് ഇന്ത്യയ്ക്കകത്തും വിദേശത്തും കേരള ടൂറിസത്തിന് ലഭിച്ച അംഗീകാരങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നു. 2010 വർഷം 6,59,265 വിദേശ സഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. ഇത് 2011 വർഷം 7,32,985 ആയി ഉയർന്നു. അതുപോലെ 2010-ൽ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം 85,95,075 ആയിരുന്നത് 2011 വർഷം 93,81,455 ആയി വർദ്ധിച്ചു. 2010-ൽ ടൂറിസം മേഖലയിൽ നിന്നുള്ള വിദേശ നാണ്യ വരുമാനം 3797.37 കോടി രൂപ ആയിരുന്നത് 2011-ൽ 4222.99 കോടി രൂപയായി വർദ്ധിച്ചു. 2010-ൽ ടൂറിസത്തിൽ നിന്നുള്ള മൊത്ത വരുമാനം 17,348 കോടി ആയിരുന്നത് 2011-ൽ 19,037 കോടി രൂപയായി വർദ്ധിച്ചു. പുതിയ ടൂറിസം വിപണികളായി കഴിഞ്ഞ സർക്കാർ കണ്ടെത്തിയ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ വിപണന പ്രക്രിയ തുടർന്നുവരുന്നു. കഴിഞ്ഞ സർക്കാർ പങ്കെടുത്തുവന്ന എല്ലാ അന്തർദ്ദേശീയ, ദേശീയ ടൂറിസം മാർക്കറ്റുകളിലും റോഡ്ഷോകളിലു മുള്ള പങ്കാളിത്തം ഈ സർക്കാരും തുടരുന്നുണ്ട്. പുതുതായി കണ്ടെത്തിയ മാർക്കറ്റുകളായ റഷ്യ, മിഡിൽ ഈസ്റ്റ്, ആസ്ട്രേലിയ തുടങ്ങിയ വിപണികളേയും പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഈ സർക്കാർ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.

ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. കോവളം, പൊന്മുടി, വർക്കല,

ആക്കുളം-വേളി-ശംഖുമുഖം, ആലപ്പുഴ, ഫോർട്ട് കൊച്ചി, വയനാട്, നിലമ്പൂർ, ബേക്കൽ തുടങ്ങിയ കേന്ദ്രങ്ങളുടെ സമഗ്ര വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ മുസിരിസ് പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കി വരുന്നു. തലശ്ശേരി ഹെറിറ്റേജ് പദ്ധതി നടപ്പിലാക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ഈ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ടൂറിസം - ഹോസ്പിറ്റാലിറ്റി മേഖലകളിൽ പരിശീലനം ലഭിച്ച തൊഴിലാളികളുടെ ആവശ്യകതയും, ലഭ്യതയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ്, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾ വഴി പുതിയ കോഴ്സുകളും ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നുണ്ട്. കഴിഞ്ഞ സർക്കാർ തുടങ്ങിയ എല്ലാ പദ്ധതികളും തുടരുന്നതോടൊപ്പം പുതിയ ഒട്ടനവധി കോഴ്സുകളും ട്രെയിനിംഗ് പ്രോഗ്രാമുകളും ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ